പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6746 — 01.11.2011-ൽ മറുപടിയ്ക്ക്

**വൈക്കം മഹാദേവ ക്ഷേത്രത്തിലെ സുരക്ഷാ ക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. വി.എസ്. ശിവകുമാർ, ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി. |
| (എ) വൈക്കത്തഷ്ടമിയും ശബരി മല സീസണും പ്രമാണിച്ച് വൈക്കം മഹാദേവക്ഷേത്ര ത്തിൽ എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കി യിട്ടുണ്ട്; | (എ) | വൈക്കത്തഷ്ടമിയും ശബരിമല സീസണും പ്രമാണിച്ച് സി.സി.റ്റിവി ക്യാമറകൾ സ്ഥാപിക്കുന്നതിനും, വനിതാ പോലീസുകാർ ഉൾപ്പെടെ കൂടുതൽ പോലീ സുകാരെ വിന്യസിക്കുന്നതിനും, ഫയർഫോഴ്സി ൻേറയും എലിഫൻറ് സ്ക്വാഡിൻേറയും സേവനം ലഭ്യമാക്കുന്നതിനും, തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് ആൻറി സബോട്ടേജ് ചെക്ക് ഏർപ്പെടു ത്തുന്നതിനും, ക്ഷേത്ര പരിസരങ്ങളിൽ കൂടുതൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനും, യാത്രാ സൗകര്യം കൂട്ടുന്നതിനും, ക്ഷേത്രത്തിൻെറ എല്ലാ പ്രവേശന കവാടങ്ങളിലും പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്.<br>കൂടാതെ ദേവസ്വം ബോർഡിൻെറ ഭാഗത്തു നിന്നും സുരക്ഷയ്ക്ക് ആവശ്യമുള്ള ഗാർഡുമാരെ വൈക്കം ഗ്രൂപ്പിലേതുകൂടാതെ കോട്ടയം, ഏറ്റുമാനൂർ, പറവൂർ, തൃക്കരിയൂർ എന്നീ ഗ്രൂപ്പുകളിൽ നിന്നുകൂടി ഡ്യൂട്ടിയ്ക്ക് നിയോഗി ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് പരന്ന തീവ്ര വാദ അക്രമ ഭീഷണിയിൽ വൈക്കം മഹാദേവക്ഷേത്രം ഉൾപ്പെട്ടിട്ടുണ്ടോ; ഇത് സംബ ന്ധിച്ച് ദേവസ്വം ബോർഡിന് എന്തെങ്കിലും അറിവ് ലഭിച്ചി ട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടി സ്ഥാനത്തിൽ ആഭ്യന്തരവകുപ്പു മായി ചേർന്ന് സുരക്ഷാസംവി ധാനങ്ങൾ ഒരുക്കുമോ;<br>(സി) ക്ഷേത്രത്തിനുളളിൽ സ്ഥിര മായി സുരക്ഷ ഉദ്യോഗസ്ഥരെ നിയമിക്കാനുളള നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) | ഇല്ല. എന്നിരുന്നാലും പ്രത്യേക സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ